സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :04/01/2021
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - IMG -ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് -ഓൺ ലൈൻ പരിശീലനം - ക്ലാസ്സ് 2, 3 ജീവനക്കാർക്ക് വേണ്ടി സംഘടിപ്പിക്കൽ - നോമിനേഷൻ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഐഎംജി സെക്രട്ടറിയുടെ 18/12/2020 തീയതിയിലെ 3645/പി2/2020/ഐഎംജിനമ്പർ കത്ത്

അടുത്ത ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ന വേണ്ടി പി എസ് സി യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ്സ് 2, ക്ലാസ്സ് 3 വിഭാഗം ജീവനക്കാർക്ക് വേണ്ടി ഐ എം ജി 22 ദിവസം നീണ്ടു നിൽക്കുന്ന പ്രത്യേക ഓൺ ലൈൻ പരിശീലനം 2021 ജനുവരി അവസാന ആഴ്ചയിൽ നടത്തുന്നതായി സൂചന പ്രകാരം അറിയിച്ചിട്ടുണ്ട്. പരിശീലന പരിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ കോഴ്സ് ഫീസ് ആയി 5000/- രൂപ സ്വയം വഴിക്കേണ്ടതാണ്. രാവിലെ 11 മുതൽ ഉച്ചക്ക് ഒരുമണി വരെയും, ഉച്ചക്ക് ശേഷം 2 മുതൽ 4 വരെയുമാണ് പരിശീലനം നൽകുക. 10/1/2021 ന മുൻപായി ഐ എം ജി യിൽ ലഭിക്കത്തക്ക വിധത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾക്കായി സൂചന കത്തും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.പരിശീലനം ആവശ്യമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ സഹിതം 7.01.2021 ന മുൻപായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഫിസ് ജോലികൾക്ക് മുടക്കം വരാത്ത രീതിയിൽ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ജീവനക്കാർ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

PDF processed with CutePDF evaluation edition www.CutePDF.com

90754/2020/FC SJD

www.img.kerala.gov.in
e-mail:imgtvpm@gmail.com
Telephone: 0471-2304229/608
Fax: 0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram – 695 033.

നംപർ. 3645 /പി2/2020/ഐ.എം.ജി.

18..12.2020

ഡയറക്ടർ
സാമൂഹ്യ നീതി വകുപ്പ്
വികാസ് ഭവൻ പി.ഓ
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി. - സർക്കാർ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിനു വേണ്ടിയുള്ള പ്രത്യേക ഓൺലൈൻ പരിശീലനം- അപേക്ഷ സംബന്ധിച്ച് -

E-5

സർക്കാർ ഉദ്യോഗസ്ഥരെ (ജനറൽ കാറ്റഗറി) ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിന് പ്രാപ്തരാക്കുന്നതിനു വേണ്ടി ഐ.എം.ജി. പ്രത്യേക ഓൺലൈൻ പരിശീലനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഓൺലൈൻ പരിശീലനം 2021 ജനുവരി മാസം അവസാന വാരം ആരംഭിക്കുന്നതാണ്.

അടുത്ത ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിനു വേണ്ടി പി.എസ്.സി.യിൽ അപേക്ഷ സമർപ്പിക്കുന്ന ക്ലാസ് 2, ക്ലാസ് 3 വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരെയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തേണ്ടത്. (പരിശീലന കാലാവധി മുഴുവനും പരിശീലനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുമുള്ള ഒരു സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്).

അപേക്ഷകർ ഡയറക്ടർ, ഐ.എം.ജി. വികാസ് ഭവൻ പി.ഒ തിരുവനന്തപുരം - 695 033 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

പരിശീലനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥരുടെ ഓദ്യോഗിക മേൽ വിലാസവും, whattsap No. email.id എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്

.......2

കൂടുതൽ വിവരങ്ങൾക്ക് ശ്രീ.കെ.കെ.രാജഗോപാലൻ നായർ, അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ (Phone - 9074825944), സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

പ്രത്യേക ശ്രദ്ധയ്ക്ക് :

1. അപേക്ഷകൾ 10.01.2021 ന് മുൻപ് ഐ.എം.ജി.ഹെഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്.

2. അപേക്ഷിക്കുന്നവർക്ക് പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പു യഥാസമയം നൽകുന്നതാണ്.

3. പ്രസ്തുത പരിശീലന പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ കോഴ്സ് ഫീസായി 5000/- രൂപ (അയ്യായിരം) പരിശീലന തീയതിക്കു മുൻപ് തുക ഡയറക്ടർ, ഐ.എം.ജി. തിരുവനന്തപുരം എന്ന പേരിൽ ഡിമാൻറ് ഡ്രാഫ്റ്റായോ, പണമായോ, ബാങ്ക് അക്കൗണ്ട് വഴിയോ (A/c.No.57044155939 IFSC : SBIN0070415, State Bank of India, Vikas Bhavan, Thiruvananthapuram.) ഒടുക്കേണ്ടതാണ്

വിശ്വസ്തതയോടെ

സെക്രട്ടറി